MR. K. N. JANARDANAN ACHARI: Sir, I am not concerned with that question now. Even Nairs were known by different names before 1100. It was only after the Nair Regulation that they came to be known generally as Nairs.

Another argument is that Mr. Velu Achari considers that there is something disgraceful in the name Kammala. Other people do not lose anything by recognising them as Viswakarmas. On the contrary they think, that they gain something thereby. If so why should others object to it?

Besides, Sir, the Government of Madras have recently been pleased to recognise the Malayala Kammalas of British Malabar as Viswa Brahmins. If C. R's Government of Madras may recognise them as Viswa Brahmins, why not the honourable members of this House concede their privilege of using the term Viswakarma to the Malayala Kammalas of Travancore?

PRESIDENT: As the time has come for the adjournment motion, the House will now proceed with it.

ADJOURNMENT MOTIONS.

MR. N. NARAYANA KURUP: Sir, I request your permission to offer a word of explanation.

PRESIDENT: Is the honourable member moving the motion.

MR. N. NARAYANA KURUP: Sir, I do not want to move it.

PRESIDENT: The rule on the question has not been fully considered till now and no formal ruling has been given. I have been considering the whole matter and I propose to give the ruling now.

For the information of the House, I am quoting from "Decisions from the Chair" of what took place in the Legislative Assembly in connection with the withdrawal of a motion.

> "Mr. Ram Narayan Singh, asking for leave to withdraw a resolution, proceeded to make a speech.
> The President ruled that he was not entitled to make a speech on a motion asking for leave to withdraw his resolution."

In respect of this few more precedents are quoted.

For instance.

> "A member desiring to withdraw his resolution after replying at length to the debate should have begun his reply by making the motion for withdrawal."

Generally that seems to be the settled practice. The same procedure is followed even to amendments. The decision is

> "During the discussion of the Indian Penal Code (Amendment) Bill, when Sir Hasi Singh Gour who had an amendment in his name, proceeded to speak without moving it, the President pointed out that the member must begin by formally moving the amendment."

With regard to this particular form of adjournment motion, there are other considerations which apply and I think they have not been always kept in mind. The honourable members would find from Rule 22 (1) that a member must ask for leave. Then,

LIBRARY ARCHIVES Kerala Legislative Assembly

[President]

"The member asking for leave must, before the commencement of the sitting of the day, leave with the Secretary a written statement of the matter proposed to be discussed."

"If the President is of opinion that the matter proposed to be discussed is in order, he shall read the statement to the Chamber to move the adjournment. If no objection is taken, the President shall intimate the hour at which the motion will be taken."

My reading of this rule is, that there should be some motion before the House. In order to enforce my argument, I will point out one or two other features.

Then the Rule says

"Subject to the provisions of Rule 22 (2) of the Rules, the debate on a motion to discuss a matter of urgent public importance shall ordinarily be taken up at 3-30 P. M....."

It does not say that the motion is to be taken up at 3-30 P. M. but the *debate* is to fo taken up. It means that the motion is alreadyt here. The idea apparently with regard to debates on an adjournment motion is that when the House has given leave for the honourable member to move the motion, then the debate alone starts at 3-30 P.M. The honourable member has either to move or not to move the motion in which case the House will have to be consulted. Any explanation that he wishes to give should be so given in the course of the motion.

MR. N. NARAYANA KURUP: Sir, my motion reads:

"I beg leave to move the adjournment of the business of the House to discuss a definite matter of urgent public importance namely, the serious situation created by the action of Government, in having decided to bring, yet another non-Travancorean as the Head of the Forest Department when there are efficient and properly qualified Travancoreans in this State."

The object of this motion will be very clear. I request you, Sir, to allow me a word of personal explanation.

MR. PADIYARA JOSEPH KUNJU: Sir, on a point of order.

സർ, അഡ്ജോൺമെൻറ് മോഷൻ മൂവുചെയ്യുമ്പോൾ അനർഹമായ വിധത്തിൽ പേർസനൽ എക്സ്പ്ലനേഷൻറെ ആവശ്യമുണ്ടോ ?

PRESIDENT: The honourable member is either moving the motion or not, we shall know presently. But if he is moving the motion, the debate will proceed. If he is not moving it, then he must ask for leave of the House to withdraw the motion. Then the debate will take place on that. If the House allows it, automatically the honourable member's motion falls to the ground.

MR. N. NARAYANA KURUP: This is my position. Sir, a word of personal explanation. The principle, that, except in unavoidable circumstances,—

MR. M. L. JANARDANAN PILLAI: Sir, am I to take it that the moving of the motion has already been done ?

PRESIDENT: The debate that is now going on may take the form of a personal explanation which is now quite open to him to offer

LIBRARY ARCHIVES Kerala Legislative Assembly

MR. M. SIVATHANU PILLAI: Then Sir, am I to take it that the motion has already been moved?

PRESIDENT: My ruling is that, in the case of adjournment motions, as the rules go, the debate is to take place at 3-30 P. M. The motion is placed before the House already.

MR. N. NARAYANA KURUP: Sir, except in unavoidable circumstances, appointments in the services of the State, should be given only to Travancoreans, that principle, has been agitated for long and in successive administrations and you yourself, Sir, have openly admitted it. That is why the rumour of another outsider being appointed as the Conservator of Forests has created heart-burn and anxiety in the public mind. It was only to bring this fact to the notice of the Head of the Administration who is known to be always responsive to legitimate public opinion, constitutionally expressed, that I brought forward this motion. I hope, Sir, that the Government would do every thing possible to allay the public feeling in this matter.

I beg leave to withdraw the motion.

The motion for withdrawal was then put to vote.

MR. PADIYARA JOSEPH KUNJU: Sir, I object.

The motion was declared carried.

MR. PADIYARA JOSEPH KUNJU: Sir, I demand a poll then.

A poll was taken with the following result:—

AYES—32.

1	Mr. P. C. Adichan	18	Sahib Bahadur P. S. Muhamed
2	,, Sahib Bahadur V. Chandamiah	19	Mr. N. Narayana Kurup
3	,, S. Chattanatha Karayalar	20	,, K. Narayanaperumal Nadar
4	,, M. L. D'Cruz	21	,, S. Narayana Pillai
5	,, E. E. Pandarathil	22	,, P. Narayana Pillai
6	,, D. Francis	23	,, R. Narayanan Namboothiri
7	,, K. G. Govindan	24	,, Kainikkara M. Padmanabha Pillai
8	,, S. Govinda Pillai	25	,, N. Ramakrishna Pillai
9	,, Kannanthodath Janardanan Nair	26	,, Codiveetil C. Ramankunju
10	,, N. V. Joseph	27	,, M. Ramiah Pillai
11	,, M. G. Kesava Pillai	28	,, P. Sivarama Pillai
12	,, T. C. Kesava Pillai	29	,, E. Subramonia Aiyar
13	,, T. T. Kesavan Sastri	30	,, N. Velu Achari
14	,, Kaviyoor K. K. Kochukunju	31	,, G. Velu Pillai
15	,, Thamarappallil Kochuthommen	32	,, P. Vivekanandam
16	,, Murukkumpuzha V. Kunjukrishnan		
17	,, Varkala K. Madhavan		

LIBRARY ARCHIVES Kerala Legislative Assembly

NOES.—8

1	Mr.	Kottalil P. Abraham	5	Mr.	A. K. Kumaran Vaidyan
2	,,	M. L. Janardanan Pillai	6	,,	Thariathu Kunjithommen
3	,,	Padiyara Joseph Kunju	7	,,	P. V. Mathai Ceembarathy
4	,,	K. P. Kochukora Tharakan	8	,,	K. R. Narayanan

NEUTRALS—17.

1	Mr.	K. Dominic Joseph	10	Mr.	C. Kumara Das
2	,,	C. Jebamony Nadar	11	,,	M. S. Doraswami Aiyangar
3	,,	Joseph Vithayathil	12		Dr. H. Parameswaran
4	,,	N. R. Krishnan	13		Khan Bahadur G. S. Abdul Karim Sahib Suhrawardy
5	,,	P. Kunjukrishnan	14	Mr.	Puthupally S. Krishna Pillai
6	,,	M. R. Narayana Pillai	15	,,	P. Raman Pillai
7	,,	M. Sivathanu Pillai	16	,,	M. K. Gopala Pillai
8	,,	M. K. Nilakanta Aiyar	17	,,	M. Ramachandra Rao
9	,,	S. Sundararajan			

MR. PADIYARA JOSEPH KUNJU: Sir, on another point of order. On page 285 from the 'Rulings of the Chair' I beg to draw attention to the second para which reads;

> "...Thus then, by an adjournment of the House, the motion under discussion lapses though it may be revived by a fresh notice in accordance with the Standing Orders Though by the postponement of the debate, a motion under discussion may not alwas lapse, it will, so far as the present session is concerned, lapse."

PRESIDENT: That does not relate to this kind of motion. The honourable member will note that the circumstance was quite different. When the resolution regarding the Kallar Hydro-Electric Scheme was being discussed, Mr. K. P. Raman Pillai moved for the adjournment of that business under Standing Order No. 26. Then the President pointed out that the effect of carrying that motion would be that the Council would not be able to dispose of that business during the session.

MR. PADIYARA JOSEPH KUNJU: I have to submit one point, Sir.

PRESIDENT: Order, order. According to Parliamentary Practice also, it is clear that the business before the House will lapse.....

What has happened now is, when the time came to initiate the debate on this motion, the honourable member as the mover of the motion asked leave to withdraw the motion. Either he could be allowed to withdraw it or could not. If he could not and the House does not permit him even though he wanted to withdraw it, the debate would have gone on. Now the House has permitted withdrawal of the motion and therefore there is nothing before the House.

The debate on the Travancore Kammala Bill will now continue.

LIBRARY ARCHIVES Kerala Legislative Assembly

MR. K. N. JANARDANAN ACHARI: Sir, I was speaking on the amendment to Clause 1. Mr. Velu Achari thinks that there is something attached to the expression 'Kammala' and therefore the expression 'Viswakarma, be substituted. I am unable to comprehend the significance he has in view.

The Madras Goverment was pleased to recognise the Malayali section of the Kammalas in Malabar. This Government has been very liberal in everything they did. With these words, I support the amendment.

MR. THARIATHU KUNJITHOMMEN സർ, വിശ്വകർമ്മ എന്ന നാമം സ്വീകരിക്കണം എന്നുള്ള ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. ഓരോ സമുദായങ്ങളും പഴയ പേരു മാറി പുതിയ പേരു സ്വീകരിച്ചുവരുന്നു എന്ന് പല മെമ്പറന്മാരും ഉദാഹരണസഹിതം ഇവിടെ വ്യക്തപ്പെട്ടുത്തുകയുണ്ടായി. എന്നാൽ വിശ്വകർമ്മ എന്ന പേരു ഈ സമുദായത്തിലെ ആളുകൾ എല്ലാം സമ്മതിച്ചിട്ടുള്ള ഒന്നാണു. മറ്റു സമുദായങ്ങൾ പേരു മാറുന്നതിനേക്കാൾ സമുചിതമായ ഒന്നാണ് ഈ സമുദായത്തിലെ പേരുമാറ്റം. വിശ്വകർമ്മ എന്ന പേരു് സംസ്കൃതത്തിൽ നിന്നാണല്ലോ വന്നതു്. ഈ പദം ബ്രഹ്മാവിനും സൃഷ്ടിയും ദേവന്മാരുടെ ശില്പിക്കും സംസ്കൃതത്തിൽ ഉപയോഗിക്കുന്നുണ്ടു്. വിശ്വകർമ്മ എന്നു പറഞ്ഞാൽ തക്ഷകൻ എന്നുകൂടി അർത്ഥം വരും. കല്ലുകൊണ്ടും മരംകൊണ്ടും, ലോഹങ്ങൾകൊണ്ടും, ജോലി ചെയ്യുന്നവരെല്ലാം തക്ഷകന്മാരാണു്. അതുകൊണ്ടു് ഈ പദം സംസ്കൃതത്തിൽ നിന്നു് സ്വീകരിക്കുന്നു എന്നല്ലാതെ പുത്തനായ ഒന്നല്ല. ഇപ്രകാരം ഏറ്റവും സമുചിതമായ ഒരു പേരുമാറ്റം വേണമെന്നു് ഈ സമുദായത്തിൽനിന്നു് മൊഴി കൊടുത്തിട്ടുള്ളതിൽ അധികംപേരും ആവശ്യപ്പെട്ടിരിക്കുന്നതായി വ്യക്തമായിരിക്കുന്ന സ്ഥിതിക്കു് ഈ ഭേദഗതിയെ ഞാൻ പൂർണ്ണമായി അനുകൂലിക്കുന്നു.

MR. G. NILAKANTAN: I oppose the motion. In doing so, I wish to bring to the notice of the House certain facts. We are legislating for a community. If the House is to be moved by the sentiment of one particular person, then the House must take into account the sentiment of another person also. From time immemorial, the Kammalas have been known as Kammalas.

MR. N. VELU ACHARY: ബഹുമാനപ്പെട്ട മെമ്പർ മലയാളത്തിൽ സംസാരിക്കാൻ കഴിയുമെങ്കിൽ അങ്ങനെ പറഞ്ഞാൽ കൊള്ളാം. എനിക്കു് കൂടുതൽ മനസ്സിലാക്കാൻ സാധിക്കും.

MR. G. NILAKANTAN: എന്റെ മാന്യസ്നേഹിതൻ ഞാൻ മലയാളത്തിൽ പ്രസംഗിക്കണമെന്നു പറയുന്നതുകൊണ്ടു് അപ്രകാരം ചെയ്യാമെന്നു ഞാൻ വിചാരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. G. Nilakantan.]

തിരുവിതാംകൂറിൽ കമ്മാളജാതി എത്രയോ കാലങ്ങളായി നിലനിന്നുവരുന്നു. അവർ കമ്മാളർ—ദേവകമ്മാളർ—എന്നല്ലാതെ വേറെയാതൊരു പേരിനാലും അറിയപ്പെട്ടിരുന്നില്ല. കൽക്കട്ടായിൽ "ദേവകമ്മാള" എന്ന് ഇവരെ വിളിക്കാറുണ്ട്. വിശ്വകമ്മ എന്ന പദം ഈയിടെ ബ്രിട്ടീഷിൻഡ്യയിൽ ഉണ്ടായതാണ്. തമിഴ രാജ്യങ്ങളിൽ ഈ സമുദായം "കമ്മാള" എന്നും ആന്ധ്രദേശത്ത് "കമ്മസാലാ" എന്നും അറിയപ്പെടുന്നു. മി. ഇ. സുബ്രഹ്മണ്യയ്യർ ബ്രിട്ടീഷിൻഡ്യയിൽ "കമ്മാള" എന്ന് പേരില്ല എന്നു പറഞ്ഞതിൽ, എനിക്ക് അത്ഭുതം തോന്നുന്നുണ്ട്. മദ്രാസ് നിയമസഭയിൽ പാസാക്കിയ ഒരു പ്രമേയംതന്നെ ഇങ്ങനെയാണ്.

This council recommends to Government that the names of the communities now recorded as Kammalas, Kammarsalas etc., etc..

അവിടത്തെ സെൻസസ്സ് റിപ്പോർട്ടിൽ കാണുന്ന പേര് "വിശ്വബ്രാഹ്മണർ" എന്നല്ലാതെ "വിശ്വകമ്മ" എന്ന് അല്ല.

MR. N. VELU ACHARY: ബ്രിട്ടീഷ് മലബാറിൽ താമസിക്കുന്ന മലയാളം സംസാരിക്കുന്ന കമ്മാളരേയും ഇതു ബാധിക്കുന്നുണ്ടോ?

MR. G. NILAKANTAN: പുതുക്കോട്ടയിൽ ഇന്നും "കമ്മാളർ" എന്നാണ് പറഞ്ഞുവരുന്നത്. കൽക്കട്ടായിൽ ഈ സമുദായത്തിന് "കാമിയാസ്" എന്നാണ് പേര്.

വിശ്വകമ്മ എന്ന പേരിന്റെ ആവശ്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഇന്നത്തെ പേരിന് എന്തെങ്കിലും കുറവുണ്ടെങ്കിൽ മാത്രമേ ജാതിപ്പേര് മാറേണ്ട ആവശ്യമുള്ളൂ. "കമ്മാള" എന്നുള്ള പദം ആക്ഷേപമായി ആരുംതന്നെ കരുതിയിട്ടില്ല. അന്യരാജ്യങ്ങളിലെ ചരിത്രകാരന്മാർ പറഞ്ഞിരിക്കുന്നത് ഇവിടത്തെ ആശാരിമാർ മിഡിൽക്ലാസിൽ ഉള്ളവരാണെന്നും നായന്മാർ, വെള്ളാളന്മാർ ഇവരെ ഒഴിച്ചാൽ ഇവരാണ് ഉയർന്ന ജാതിക്കാരെന്നുമാണ്.

MR. M. R. NARAYANA PILLAI: വിശ്വകമ്മ എന്നു പറയുന്നതിൽ വല്ല തരക്കേടും ഉണ്ടോ?

MR. G. NILAKANTAN: പറയാം.

അതുകൊണ്ട് ഇന്നത്തെ പേരിനു ആക്ഷേപം ഉണ്ടെന്ന് ആർക്കെങ്കിലും തോന്നുന്നു എങ്കിൽ മാത്രമേ ആ പേരു മാറേണ്ടതായ ആവശ്യമുള്ളൂ.

MR. N. VELU ACHARY: പേരു മാറണമെന്ന് അനേകം മെമ്മോറിയലുകൾ അയച്ചിട്ടുള്ളതായി അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. G. NILAKANTAN : ആ മെമ്മോറിയലുകളും, കമ്പികളും ഒന്നും ഞാൻ വിശ്വസിക്കുന്നില്ല. അവയെല്ലാം കെട്ടുകഥകളാണ്. എന്റെ ഈ വിശ്വാസത്തിനു തക്കതായ കാരണങ്ങളുണ്ട്, അതിവിടെ പ്രസ്താവിക്കുന്നതു് യോഗ്യമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

MR. N. VELU ACHARY : ഫൈനൽ സെൻസസ്സ് റിപ്പോർട്ടിൽ വിശ്വകർമ്മാ എന്ന പേരു മാറ്റണം എന്ന മെമ്മോറിയൽ കൊടുത്തിട്ടുള്ളതായി മെമ്പർക്കറിയാമോ?

MR. G. NILAKANTAN : എനിക്കതറിയേണ്ട ആവശ്യമില്ല. യോഗ്യന്മാരായ പലരുടേയും അഭിപ്രായം ഞാൻ അറിഞ്ഞിട്ടുണ്ട്. തിരുവിതാംകൂറിൽ യോഗ്യന്മാരായ കമ്മാളരെയും എനിക്കു പരിചയമുണ്ട്. തച്ചുശാസ്ത്രം പഠിച്ചു യോഗ്യന്മാരായിരിക്കുന്ന സ്ഥപതികരും പലരേയും എനിക്കറിയാം. അവരാരുംതന്നെ ഈ പേരു മാറേണ്ട ആവശ്യമുണ്ടെന്നു പറയുന്നില്ല.

സർ, വിശ്വകർമ്മാ എന്നുള്ള പദം വേദത്തിൽ സൃഷ്ടാവിനെ കുറിക്കുന്നതോ പുരാണങ്ങളിൽ പറയുന്നതുപോലെ ദേവശില്പിയെ കുറിക്കുന്നതോ ആണ്. ദേവന്മാരുടെ പേരു ഒരിക്കലും ഒരു സമുദായത്തിനു കൊടുത്തിട്ടില്ല. ഈ സമുദായത്തിന്റെ ഗുരു വിശ്വകർമ്മാവാണ്. അദ്ദേഹത്തിന്റെ സന്തതികളാണ് ഈ സമുദായമെങ്കിൽ വിശ്വകർമ്മജർ എന്നു വിളിക്കയല്ലാതെ വിശ്വകർമ്മാ എന്നു പറയുവാൻ പാടില്ല.

MR. N. VELU ACHARY : ദേവന്മാരുടെ പേരിനാൽ അറിയപ്പെടുന്ന സമുദായം ഇന്നു തിരുവിതാംകൂറിലില്ലേ?

MR. G. NILAKANTAN : ഒരു കാലത്തുമില്ല. ഒരു ദേവന്റെയും പേരു് ഒരു സമുദായത്തിനും ഇല്ലെന്നുള്ളതു് നിസ്തർക്കമാണ്. "കമ്മാള" എന്ന പദത്തിന്റെ ആഗമം "കർമ്മകാരഃ" എന്ന പദത്തിൽ നിന്നുമാണ്; വിശ്വകർമ്മ എന്നപേരു് സമുദായത്തിനുള്ളതായി ഒരു പുരാണങ്ങളിലും കാണുന്നില്ല.

MR. N. VELU ACHARY : സർ, ഒരു ചോദ്യം.

PRESIDENT : There must be some time left for the other honourable member to speak. The honourable member may note down all his questions and put them at the end of the speech. I think that would be far better.

MR. N. VELU ACHARY : പുരാണങ്ങളിൽ ഒന്നിലും വിശ്വകർമ്മ എന്നുള്ള പേരു കണ്ടിട്ടില്ലെന്നു പറഞ്ഞു. മെമ്പർ പുരാണങ്ങളും വല്ലതും വായിച്ചിട്ടുണ്ടോ?

MR. G. NILAKANTAN : ഉണ്ടു്, ഭംഗിയായി വായിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

MR. THAMARAPALLIL KOCHUTHOMMEN (*Thiruvalla*) : ക്രസ്ത്യാനിസമുദായത്തിനു ക്രിസ്തുദേവന്റെ പേരല്ലേ കൊടുത്തിരിക്കുന്നതു.?

MR. G. NILAKANTAN : 'ക്രസ്ത്യാനി' എന്നല്ലാതെ 'ക്രസ്തു' എന്നു് ആ സമുദായത്തിനു് ആരും പേരു പറയുന്നില്ല.

MR. THAMARAPALLIL KOCHUTHOMMEN : 'കൃഷ്ണൻവക' എന്നൊരു സമുദായമില്ലേ അതും ഒരു ദേവന്റെ പേരല്ലേ?

MR. G. NILAKANTAN : കൃഷ്ണൻവക എന്ന പദം "കൃഷ്ണൻ" എന്നവാക്കിനോടു് "വക" എന്നപദം ചേർത്തു ഉണ്ടായിട്ടുള്ളതാണു്. അല്ലാതെ കൃഷ്ണസമുദായം എന്നു പറയുന്നില്ല.

MR. THAMARAPALLIL KOCHUTHOMMEN : 'ബ്രാഹ്മണൻ' എന്നു പറഞ്ഞാൽ ബ്രഹ്മാവിനെക്കുറിക്കുന്നതല്ലേ?

MR. G. NILAKANTAN : അല്ല. ബ്രഹ്മാവിൽനിന്നും ജനിച്ചവരെക്കുറിക്കുന്ന പദമാണു്. കമ്മാളൻ എന്നുള്ളതു, കംബാളൻ എന്നുള്ള പദം ലോപിച്ചു് ഉണ്ടായതാണെന്നും ചിലർ വ്യാഖ്യാനിക്കുന്നു. 'കംബ' എന്നുവച്ചാൽ മുഴക്കോലാണു. അളവു ശാസ്ത്രങ്ങളിൽ അതു് ഏറ്റവും പ്രധാനമായ ഒന്നാണല്ലോ. കമ്മാളർ പ്രകീർത്തിക്കുന്ന വിശ്വകർത്താവു 'കംബധാരി'യാണു്. അതുകൊണ്ടളക്കുന്നവൻ ഉൽകൃഷ്ടജാതിക്കാരനും ശാസ്ത്രജ്ഞനുമാണു. അതുകൊണ്ടു് കമ്മാള എന്നപേരു് വളരെ യോഗ്യതയുള്ള ഒന്നാണു. അങ്ങനെയുള്ള ഒരു പേരുമാറുന്നതു എന്നെ സംബന്ധിച്ചിടത്തോളം അപമാനകരമായിട്ടാണു് ഞാൻ കരുതുന്നതു്. ബ്രിട്ടീഷിൻഡ്യയിൽ വിശ്വബ്രാഹ്മണർ എന്നു് പേരു മാറിയെങ്കിലും അവരെ ഇന്നും അന്യർ കമ്മാളരെന്നാണു പറയുന്നതു്. ഇങ്ങനെയുള്ള അഭിമാനത്തിനു പോകുന്നതിനെക്കാൾ നമ്മുടെ സ്വന്തപ്പേരിനെ അഭിമാനിക്കയും ആ പേരിനു് എന്തെങ്കിലും ഉൽകൃഷ്ടമായ അർത്ഥമുണ്ടെങ്കിൽ അതിനെ അർത്ഥവത്താക്കുവാൻ ശ്രമിക്കുകയും ചെയ്യേണ്ടതു സമുദായത്തിലെ ഓരോരുത്തരുടേയും കടമയാകുന്നു. അതല്ലാതെ നമ്മുടെ പഴയപേരുമാറ്റി ലോകത്തിന്റെ പരിഹാസത്തിനു പാത്രമായിത്തീരരുതു്.

ഈ സഭ ഈ സംഗതി തീരുമാനിക്കുന്നതു് വെറും സെൻറിമെൻറിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കരുതു്. വിശ്വകർമ്മാ എന്ന പേരു കൊടുത്താൽ കമ്മാള സമുദായത്തെയാണു് കുറിക്കുന്നു എന്നു ആർക്കും അറിവാൻ പാടില്ലാതിരിക്കും. ഈ പേരുമാറുന്നതിൽ വേറൊരു വലുതായ ദോഷമുണ്ടു്. ഞങ്ങളുടെ വകയായി കൊല്ലത്തു ഒരു ക്ഷേത്രമുണ്ടു്. അതു കമ്മാളസമുദായംവകയാണെന്നാണു വാദം. ഇതു സംബന്ധിച്ചു ഇപ്പോൾ കോടതിയിൽ കേസു നടക്കുകയാണു്. ഈ സന്ദർഭത്തിൽ സമുദായ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ പേരുമാറ്റി 'വിശ്വകർമ്മാ' എന്നാക്കുകയാണെങ്കിൽ ഈ ക്ഷേത്രത്തെ സംബന്ധിച്ചുള്ള ഞങ്ങളുടെ അവകാശം നഷ്ടപ്പെട്ടുപോകുമെന്നുള്ളതുകൊണ്ടു് പഴയ പേർ തന്നെ വച്ചു കൊണ്ടിരിക്കുകയാണു് ഏറെ ഉത്തമം.

മൊഴി കൊടുത്തഅവസരത്തിൽ ചിലർ വിശ്വകർമ്മ എന്നുള്ള പേരുവേണമെന്നും, അനേകംപേർ കമ്മാള എന്നപേർ വേണമെന്നും പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് കമ്മിറ്റിക്കാർ സെൻസസ്സു് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതുപോലെ കമ്മാളർ, എന്ന (വിശ്വകർമ്മാ) പേരുവച്ചാൽ കൊള്ളാമെന്നു നിശ്ചയിച്ചു. വിശ്വകർമ്മബ്രാഹ്മണർ എന്നുള്ളതു് വിശ്വകർമ്മാളർ എന്നാക്കിയിട്ടുണ്ടു്. കൊച്ചിയിൽ വിശ്വകർമ്മാളർ എന്നാണു വിളിക്കുന്നതു്. ഇപ്പോൾ എല്ലാസ്ഥലത്തും കമ്മാളർ എന്നുതന്നെ വിളിക്കുന്നുണ്ടു്. അനാവശ്യമായ പേരുമാറ്റംകൊണ്ടു് സമുദായത്തിനു് എന്തോ കുറവുണ്ടെന്നു വരുത്തുന്നതു വളരെ സങ്കടമാണു്. അതുകൊണ്ടു് സിലക്ട് കമ്മിറ്റിയിൽനിന്നും നിശ്ചയിച്ചിട്ടുള്ള പേർമാത്രമേ ഈ ബില്ലിനു കൊടുക്കാൻ പാടുള്ളൂ. എല്ലാവരുടേയും മൊഴി രേഖപ്പെടുത്തി അവരുടെ അഭിപ്രായം അറിഞ്ഞു് അതിനെപ്പറ്റി നല്ലവണ്ണം ആലോചിച്ചതിൻശേഷമാണു് കമ്മിറ്റിക്കാർ ഈ പേർ കൊടുത്തിരിക്കുന്നതു. ആ സ്ഥിതിക്കു് അനാവശ്യമായ പേരുമാറ്റംകൊണ്ടു് ഈ ബില്ലിനെ താമസിപ്പിക്കാൻ പാടില്ല.

MR. T. T. KESAVAN SASTRI : വിവാദവിഷയത്തെപ്പറ്റി ചില അഭിപ്രായങ്ങൾ പറയുവാൻ ഞാനും ആഗ്രഹിക്കുന്നു. ഈ പ്രശ്നം വളരെ പ്രാധാന്യതയർഹിക്കുന്നതാണു്. കമ്മാളസമുദായത്തെ സംബന്ധിച്ചിടത്തോളം അവരുടെ സാമുദായികാചാരങ്ങളെ നിലനിറുത്താനും പിൻതുടർച്ചാവകാശത്തെ പരിരക്ഷിക്കാനും ഒരു ബില്ലുമുഖേന ഗവണ്മെൻറിന്റെയും നിയമസഭയുടെയും സഹായം അപേക്ഷിക്കുന്ന ഒരു രംഗമാണു ഇതു. മൂന്നുലക്ഷത്തിൽ പരം ജനസംഖ്യയുള്ള ഒരു വലിയ ജനസമുദായത്തിന്റെ പേരിലും ആചാരത്തിലും ഭാഷയിലുമുള്ള മാറ്റംകൊണ്ടു് അതിനു ദോഷംവരാൻ പാടില്ല. അങ്ങനെ പിരിയുന്നതുകൊണ്ടു ശക്തിക്ഷയം ഉണ്ടാകും. വാദവിഷയങ്ങളെ ശ്രദ്ധിച്ചു ഗവണ്മെൻറിൽനിന്നും ഒരു ശരിയായ പോംവഴി നൽകി വിശ്വകർമ്മരോ കമ്മാളരോ ആയി ഇവരെ അംഗീകരിക്കുകയാണെങ്കിൽ അതു വളരെ സ്തുത്യർഹമായിരിക്കും. ആണറബിൾ മെംബർ മി. വേലുആചാരി "വിശ്വകർമ്മർ" എന്ന പേരു വേണമെന്നും, മിസ്റ്റർ നീലകണ്ഠൻ പാരമ്പര്യമായി വിളിച്ചുകൊണ്ടിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. T. Kesavan Sastri.]

"കമ്മാള" നാമം മതി എന്നുമാണ പറയുന്നത്. ഈ രണ്ടുപേരും കേൾ വിക്കാക്ക് തകച്ചും ആലോചനാർഹമാണ്. അതുകൊണ്ടാണ് ഞാനിത പറയുന്നത്. സമുദായത്തെ സംബന്ധിച്ചിടത്തോളം ഈ വാദവിഷയം ഭാവിനന്മയ്ക്ക സഹായമായിരിക്കണം. ദായക്രമത്തേയും പിൻതുടച്ചാവകാശത്തെയും സംരക്ഷിക്കാൻ പര്യാപ്തമായിത്തീരണം. ഇവിടെ രണ്ടു കക്ഷികളും ശരിയായ തെളിവുകൾ രേഖപ്പെടുത്തി ഗവണ്മെൻറിന്റെയും ഈ സഭയുടെയും ശ്രദ്ധ ഇതിലേയ്ക്ക പ്രത്യേകം ആകർഷിക്കുന്നു. പേരിൽ കാവു സംഭവിച്ചതായി കരുതി ഉയർന്നിയിലുള്ള ആഗ്രഹത്തെ മുൻനിറുത്തി ഈ രാജ്യത്തെ മിക്ക ജനസമുദായാംഗങ്ങളും പേരിൽ മാറ്റംവേണമെന്ന് ആഗ്രഹിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതു ഒരു പരമാർത്ഥമാണ്. അധഃസ്ഥിതാവസ്ഥയിൽ കേവലം ദയനീയസ്ഥിതിയിൽ കിടക്കുന്ന പിന്നോക്കസമുദായക്കാരിൽ ചിലരും അവരുടെ പേരിൽ കുറവിനെപ്പറ്റി ആശങ്കിക്കുന്നു. ഈ ശ്രമത്തെ പുരസ്കരിക്കുന്നവരും ഉണ്ട്. കമ്മാളശബ്ദം പറയാൻ മി. നീലകണ്ഠൻ ആഗ്രഹിക്കുന്നതും വിശ്വകർമ്മ നാമം പറയുവാൻ മി. വേലു ആചാരി ആഗ്രഹിക്കുന്നതും സമുദായത്തിന്റെ ഏകയോഗക്ഷേമത്തെ ഉദ്ദേശിച്ചാണ്. അങ്ങനെയിരിക്കെ നിയമം അവരുടെ പൊതുക്ഷേമത്തിനു തക്കതായിരിക്കണം. ഈ നിയമം പാസായിനടപ്പിലായാൽ അനുയോജ്യമായിരിക്കണം എന്നാണു ഞാൻ പറയുന്നത്.

MR. N. VELU ACHARY: വിശ്വകർമ്മർ എന്നും, കമ്മാളർ എന്നും ഉള്ള ശബ്ദങ്ങളെ സംഘടിപ്പിച്ചു ഒരു പേരു ഉണ്ടാക്കുന്നതിൽ വളരെ സന്തോഷമുണ്ടെന്നു ഇവിടെ പറയുകയുണ്ടായി. ആ പേരു മണിപ്രവാളം ആയിരുന്നാൽ നന്നായിരിക്കുമോ?

MR. T. T. KESAVAN SASTRI: അതു നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ഞാൻ ഉൾപ്പെട്ട അവശസമുദായാംഗങ്ങൾ മുൻപു എത്രയോ ദയനീയമായ നിലയിൽ പിന്നോക്കം നിൽക്കുന്നവരാണു. അപ്പോഴപ്പോൾ ബഹുമാനപ്പെട്ട ഗവണ്മെൻറിൽനിന്നും ചെയ്തിട്ടുള്ള സഹായസഹകരണങ്ങൾകൊണ്ടാണു ഉയർന്നുവരുന്നതു. സഹായങ്ങളെ കൃതജ്ഞതാപൂർവം സ്മരിക്കുന്നു. പുലയർ എന്നറിയപ്പെടുന്നവർ അഞ്ചാറു വർഷത്തിനുമുൻപു ജനസംഖ്യയിൽ അഞ്ചു ലക്ഷത്തോളം ഉണ്ടായിരുന്നു. ശക്തിയും ഉണ്ടായിരുന്നു. എന്നാൽ പുലയശബ്ദത്തോടുകൂടി മുന്നോട്ടു പോകുന്നപക്ഷം അവരുടെ സാമൂഹ്യനിലയ്ക്കും സാമുദായികാ

LIBRARY ARCHIVES Kerala Legislative Assembly

ചാരത്തിനും കുറവു സംഭവിക്കുമെന്ന വിചാരം ചിലരെ ഭ്രമിപ്പിക്കയും ഒരു പുതിയ പേരുമാറ്റത്തിനു പ്രേരിപ്പിക്കയും ചെയ്യുന്നു. പരേതനായ ജാൺ ജോസഫ് അവർകളാണ് ആ പുതിയ നാമധേയത്തിന്റെ പ്രയോക്താവു്. ഇങ്ങനെ ക്രസ്ത്യാനികളുടെയിടയിൽ പുലയക്രിസ്ത്യൻ ശബ്ദം അക്ഷപാർഹമാണെന്നു കരുതി ചേരമർ ക്രസ്ത്യൻപേരോടുകൂടി മുൻപോട്ടു പോകുന്നു. ഇന്നത്തെ ദയനീയാവസ്ഥ പരിഹരിക്കുന്നതിനും ആത്മാഭിമാനം സംരക്ഷിക്കുന്നതിനും സാധിക്കുമെന്നവർ വിചാരിക്കുന്നു. പറയരിൽ ഒരു ഭാഗം സാംബവർ എന്ന പേരു ആഗ്രഹിക്കുന്നുണ്ടു്. കുറവരിലും ഒരു സംഘം അതുകൊണ്ടു പുതിയ പേരു വേണമെന്നു പറയുന്നുണ്ടു്. നാർ ബറന്മാർ വിളക്കിത്തലനായർ എന്ന പേരാണു സ്വീകരിച്ചിരിക്കുന്നതു്. പൊതുവേ ഒരു വിഭ്രാന്തിതന്നെ. ഈ വിധത്തിൽ ഇങ്ങനെ രാജ്യത്തിലെ ഒരു വലിയ ഭാഗം ജനങ്ങളും അവരുടെ ജാത്യാചാരരീതിയിലും ജീവിതരീതിയിലും ജാതിനാമാദികളിലും ഭ്രമിച്ചു ഉയരാനാഗ്രഹിക്കുന്നു. അവശസമുദായത്തിൽ ഉൾപ്പെട്ട ഒരു ചെറുസമുദായമാണു് ചാക്കന്മാർ സമുദായം. അവർ ജനസംഖ്യയിൽ വളരെ കുറവാണു്. തിരുവല്ലാ, ചങ്ങനാശേരി മുതലായ താലൂക്കുകളിൽ ഈ പേരു പറയുന്നു. അവരുടെപേരു മാറ്റണമെന്നു ആഗ്രഹിച്ചു. ചാക്ക എന്നുള്ളവർ ശാക്കേയർ എന്ന പേരു സ്വീകരിച്ചു. എന്നാൽ ചാക്ക എന്നു വിളിച്ചുവന്നിരുന്ന കാലത്തു ഗവണ്മെൻറിൽനിന്നും ഫീസു സൗജന്യങ്ങളും വിദ്യാഭ്യാസസൗകര്യങ്ങളും മറ്റുവിധ സഹായങ്ങളും ചെയ്തിരുന്നു. ശാക്കേയർ എന്ന പേരു മാറിയതോടുകൂടി അവർ ഉയർന്ന ജാതിക്കാരാണെന്നു കരുതി സൗജന്യങ്ങളെല്ലാം പിൻവലിച്ചു. പുലയർ പേരു മാറിയതിനാൽ ഉയർന്ന ജാതിക്കാരാണെന്നു കരുതി അവരുടെ സൗജന്യങ്ങളെല്ലാം പിൻവലിച്ചു. ഒടുവിൽ ഗവണ്മെൻറു ഈ കാര്യം സദയം മനസ്സിലാക്കി ഇവരെ സഹായിക്കാൻ തുടങ്ങി. ചേരമർ എന്നെഴുതിയാൽ ബ്രായ്ക്കറിനകത്തു പുലയർ എന്നും, സാമ്പവർ എന്നെഴുതിയാൽ ബ്രായ്ക്കറിനകത്തു പറയർ എന്നും കാണിക്കണമെന്നു നിശ്ചയിച്ചു.

MR. G. NILAKANTAN : ഈ സംഗതിയിലും അതുപോലെ ബ്രായ്ക്കറിനകത്തു് എഴുതിയാൽ മതിയോ?

MR. T. T. KESAVAN SASTRI : ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം അതു ശരിയായിരിക്കുമോ എന്നു സംശയമാണു്. ഈ ബില്ലിനു കമ്മാളവിശ്വകർമ്മ ബിൽ എന്ന പേരു കൊടുത്താൽ തരക്കേടില്ല. രാജ്യത്തെ ഭൂരിപക്ഷം ജനങ്ങളും സമുദായനന്മയെ ഉദ്ദേശിച്ചാണല്ലോ

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. T. Kesavan Sastri]

പ്രവത്തിക്കുന്നതു്. ഓരോ സമുദായത്തിന്റേയും വീക്ഷണഗതി അറിഞ്ഞു പ്രോത്സാഹിപ്പിക്കണം. ഓരോ സമുദായവും ഭിന്നിച്ചു ഭിന്നിച്ചു് അവയുടെ ശക്തി ക്ഷയിച്ചാൽ അതു ആ സമുദായത്തിനും രാജ്യത്തിനും പൊതുവെ ദോഷകരമായി തീരുന്നതാണു്. ഇതനുസരിച്ചു നോക്കിയാൽ പബ്ലിക്കു് സർവീസ് കമ്മീഷണരുടെ റൂൾസ് അനുസരിച്ചു സമുദായ പ്രാതിനിധ്യം നിർവഹിക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഓരോ സമുദായാംഗങ്ങൾക്കും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം നൽകാൻ നിശ്ചയിച്ചിട്ടുള്ള ഈ അവസരത്തിൽ സമുദായങ്ങൾ ഒത്തുനിൽക്കണം. ഭിന്നാഭിപ്രായം പാടുള്ളതല്ല. ഈ ബില്ലിന്റെ കാര്യത്തെപ്പറ്റി ഗവണ്മെന്റു ദയാപൂർവം ആലോചിച്ചു വേണ്ടതു ചെയ്യണം. ലീഗൽ റിമെംബ്രൻസർ അവർകൾ വാദമുഖങ്ങൾക്കു ഒരു തീരുമാനം ചെയ്തു സുസമ്മതമാക്കിത്തീർക്കുമെന്നു വിശ്വസിക്കുന്നു. ഇതുയും സംഗതികൾ ഗവണ്മെന്റിന്റേയും ഈ സഭയുടെയും ശ്രദ്ധയ്ക്കു വിധേയമാക്കിക്കൊള്ളുന്നു.

MR. KAVIYOOR K. K. KOCHUKUNJU: വിശ്വകർമ്മ എന്നുള്ളതു ഒരു ദേവന്റെ പേർ അല്ലേ?

MR. T. T. KESAVAN SASTRI: അതെ, വിശ്വത്തിന്റെ ജനയിതാവെന്നർത്ഥം.

MR. T. C. KESAVA PILLAI: സർ, കമ്മാളബിൽ എന്നു നിയമപരമാക്കുകയാണെങ്കിൽ ഏതാനും വ്യക്തികൾക്കോ സമൂഹത്തിനു തന്നെയുമോ വലിയ ആക്ഷേപമുണ്ടെന്നാണു് കാണുന്നതു്. രണ്ടാമത്തെ വകുപ്പിൽ കമ്മാള എന്ന പദത്തിനു മുൻപു വിശ്വകർമ്മ എന്നു ചേർക്കണമെന്നാണു പറയുന്നതു്. ഫ്രാൻചൈസ് കമ്മിറ്റിയുടെ റിപ്പോർട്ടിൽ കല്ലൻ, ആശാരി, തട്ടാൻ മുതലായവരുടെ സംഖ്യ എത്രയാണെന്നു കാണിച്ചിട്ടുണ്ടു്. അതിൽ കമ്മാളപദം ഉൾപ്പെടുത്തിയാണു് കാണുന്നതു്. കമ്മാള എന്നുള്ളതിന്റെ ഉപവകുപ്പായിട്ടാണു് വിശ്വകർമ്മ എന്നു ചേർത്തിരിക്കുന്നതു്. ഈ വിശ്വകർമ്മ പദത്തിനു കുറെ അധികം വ്യാപ്തി കൊടുത്താൽ തിരുവിതാംകൂറിൽ പ്രത്യേകനിയമം ഇല്ലാതെയും പലതരം ദായക്രമത്തിൽ കഴിയുന്നവരുമായ ജനസമൂഹത്തിനു ഒരു പ്രത്യേകബില്ലിന്റെ ആവശ്യം ഇല്ലാതാകുമായിരുന്നു. ഈഴവറഗുലേഷൻ, നായർറഗുലേഷൻ, വെള്ളാളറഗുലേഷൻ എന്നിങ്ങനെ പല നിയമങ്ങളും ഉണ്ടായിട്ടുണ്ടു്. എങ്കിലും യാതൊരു നിയമത്തിലും ഉൾപ്പെടാതെയുള്ള അനേകംസമുദായക്കാർ ഈ രാജ്യത്തിലുണ്ടു്. ഇവക്കെല്ലാം പ്രത്യേകം പ്രത്യേ

LIBRARY ARCHIVES Kerala Legislative Assembly

കംനിയമങ്ങൾ ഉണ്ടാക്കാൻ എളുപ്പമല്ല. പേരു് മണിപ്രവാളമായിരിക്കണമെന്നുള്ളതുകൊണ്ടോ ആ പദത്തിന്റെ ചേച്ച്ക്കുറവുകൊണ്ടോ സാഹിത്യത്തിന്റെ കുറവുകൊണ്ടോ അല്ല വിശ്വകർമ്മ എന്നുള്ള പദത്തെന്നെ ബില്ലിനു കൊടുക്കണമെന്നു പറയുന്നതു്. വിശ്വകർമ്മ എന്ന പേരു ചേർക്കുന്നതായാൽ തിരുവിതാംകൂറിലുള്ള തച്ചൻ, കൊല്ലൻ, തട്ടാൻ മുതലായവർക്കു വേണ്ടി പ്രത്യേകമായ നിയമങ്ങൾ ഉണ്ടാക്കേണ്ട ആവശ്യം വന്നുചേരുകയില്ല. കമ്മാളൻ എന്ന ക്ലാസുകൊണ്ടു തച്ചൻ ഒരു ആശാരിസ്ത്രീയെ വിവാഹം ചെയ്താൽ അതു സാധു അല്ലെന്നും മറ്റുമുള്ള പല വിധ കുഴപ്പങ്ങൾ ഉണ്ടാകുന്നതാണു്. അതുകൊണ്ടു മി. വേലു ആചാരി പറയുന്നതുപോലെ വിശ്വകർമ്മ എന്ന പേരുകൊടുത്തിട്ടു് അതിൽ ആശാരി, മൂശാരി മുതലായവരെ ഉൾപ്പെടുത്തിയാൽ വളരെ നന്നായിരിക്കും. മലയിലും മറ്റും താമസിക്കുന്ന കാണിക്കാരെയും മറ്റും ഇതിൽ ഉൾപ്പെടുത്താവുന്നതാണു്. കമ്മാളർക്കു ഒരു കലണ്ടർ ഉണ്ടു്. അദ്ദേഹത്തെ ഞാൻ കണ്ടിട്ടുണ്ടു്. അങ്ങനെയുള്ള ആളുകളെക്കൊണ്ടു പേർ നിശ്ചയിക്കുന്നതു നന്നായിരിക്കും. മിതാക്ഷരാ പ്രകാരം, കമ്മാളൻ, തട്ടാൻ, കൊല്ലൻ എന്നിങ്ങനെയുള്ളവർക്കു ഇപ്പോൾ നിയമം കാണുന്നുണ്ടു്. അതുകൊണ്ടു് പുടവ ഉടുക്കുന്നവരായാലും, ചേല കെട്ടി ഉടുക്കുന്നവരായാലും കമ്മാളർ എന്നു പറയപ്പെടുന്ന എല്ലാവരെയും കൂടി ചേർത്തുവേണം ഒരു നിയമം ഉണ്ടാക്കേണ്ടതു്. നിയമദൃഷ്ട്യാ നിയമങ്ങൾക്കു തമ്മിൽ ഒരു കെട്ടുപാടുണ്ടായിരിക്കണമെന്നുള്ള സംഗതിക്കു പ്രാധാന്യം കൊടുക്കേണ്ടതാണു്. കമ്മാളർ എന്നുള്ളതിനു പകരം വിശ്വകർമ്മർ എന്നാക്കിയാൽ അതിൽ ആക്ഷേപമില്ല. അതു ഒരു ദൈവത്തിന്റെ പേരു ആയതുകൊണ്ടു വേണ്ടാ എന്നാണു മറ്റുള്ളവർ പറയുന്നതു്. വിശ്വകർമ്മർ എന്നുള്ള പദംതന്നെ സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

MR. A. K. KUMARAN VYDIAN : സർ, ഇന്നിവിടെ വാദപ്രതിവാദത്തിനു വിഷയമായിരിക്കുന്ന ബില്ലിനെപ്പറ്റി രണ്ടു വാക്കു പറയണമെന്നു വിചാരിക്കുന്നു. വടക്കൻ തിരുവിതാംകൂറിൽ സാധാരണയായി കമ്മാളൻ എന്നു പറയുന്നതു വളരെ ആക്ഷേപകരമാണു്. ഒരാൾ ഏതെങ്കിലും ഒരു സംഗതി അന്തസ്സിനടുക്കാത്ത തരത്തിൽ പ്രവർത്തിക്കുകയാണെങ്കിൽ "ഇയ്യാൾ കമ്മാളനോ" എന്നു ആക്ഷേപസ്വരത്തിൽ അവിടെ പറയുക പതിവുണ്ടു്. അതുകൊണ്ടു വിശ്വകർമ്മ എന്ന പേർ രണ്ടു കൂട്ടക്കാർക്കും ശ്രേഷ്ഠമാണെന്നാണു് എന്റെ അഭിപ്രായം. പേരിൽ ഒരു പരിധി ഉണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. K. Kumaran Vydian]

ക്കേണ്ടതു എല്ലാ സമുദായക്കാർക്കും അത്യാവശ്യമായിട്ടുള്ളതാണ്. ഈഴവബിൽ വരുന്നതിനു മുൻപു അവരെ ചോവൻ; തീയൻ എന്നെല്ലാം വിളിച്ചുവന്നിരുന്നു. ബിൽ നിയമമായതോടുകൂടി എല്ലാവരും നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ടതിനുശേഷമാണു ഈഴവർ എന്നു വിളിക്കുവാൻ തുടങ്ങിയതു്. ഇപ്പോൾ ആ പേർ മാത്രമെ പറയുന്നുള്ളൂ. അതുപോലെ കമ്മാളൻ എന്നു പറയുന്നതു നാസ്സാരൻ എന്ന അർത്ഥത്തെയാണു സൂചിപ്പിക്കുന്നതു്. അതുകൊണ്ടു മിസ്റ്റർ വേലു ആചാരി പറയുന്നതുപോലെ വിശ്വകർമ്മ എന്നുള്ള മഹനീയനാമധേയം സ്വീകരിക്കണമെന്നാണു എന്റെ അഭിപ്രായം. പറവൂർ താലൂക്കിലെ ആശാരിമാരുടെ ഏകകണ്ഠമായിട്ടുള്ള അഭിപ്രായം വിശ്വകർമ്മ എന്ന പേരിനെ സ്വീകരിക്കണമെന്നാണു്. അവരുടെ അഭിപ്രായവും ഇങ്ങനെ ഇരിക്കുമ്പോൾ ഒരിക്കലും കമ്മാളൻ എന്ന പേരു പ്രസ്താവിക്കാൻ പാടില്ല.

MR. N. RAMAKRISHNA PILLAI: Sir, I oppose the amendment. Mr. Velu Achari's object in bringing forward this amendment is to obliterate the distinction between Pandi Kammalas and the Malayala Kammalas in Travancore. If it has been his object merely to substitute the word "Viswakarma" for the word "Kammala" I could not have taken any serious objection to the amendment. But as it is his object is not only to substitute the word "Viswakarma" for the word "Kammala", but also to make it out that this Bill applies not to Malayala Kammalas or Viswakarmas alone, but to all Kammalas in Travancore.

MR. N. VELU ACHARY: സർ, ക്ലാസ് ഫ-ൽ സബ് ക്ലാസ് ഫ. എന്നതിലാണു് ഞാൻ അമൻറുമെൻറു കൊണ്ടുവന്നിട്ടുള്ളതു്. അതിനെപ്പറ്റി മെംബർ ഒന്നുംതന്നെ പറയുന്നില്ല. മറ്റു സംഗതികളെപ്പറ്റി ഇപ്പോൾ പറയേണ്ട ആവശ്യമില്ല. അതു് ആ സമയത്തു പറഞ്ഞാൽ മതിയാകുന്നതാണു്.

PRESIDENT: Whether Kammalas should be called "Kammalas" or "Viswakarmas" is practically the question that arises now.

MR. N. RAMAKRISHNA PILLAI: Sir, it is not possible to confine my attention to the abstract question involved in this. Because in the subsequent clause, as will appear from the amendment forwarded by Mr. Velu Achary, it will be found that his object in bringing this amendment is to obliterate any distinction between Malayala and Pandi Kammalas.

MR. N. VELU ACHARY: ബഹുമാനപ്പെട്ട മെംബർക്കു് മലയാളം അറിയാവുന്നതുകൊണ്ടു് മലയാളത്തിൽ സംസാരിച്ചാൽ കൊള്ളാം: എനിക്കു ഇംഗ്ലീഷിൽ നല്ല പരിജ്ഞാനമില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. N. RAMAKRISHNA PILLAI: കമ്മാള എന്നുള്ള പദം വിശ്വകർമ്മർ എന്നുള്ള വാക്കിനു പകരം ചേർക്കണമെന്നുള്ളതായിരുന്നു ഉദ്ദേശമെങ്കിൽ എനിക്കു ഇതിനെപ്പറ്റി അധികം പറയേണ്ടിവരികയില്ലായിരുന്നു. അതല്ലാ; ഉദ്ദേശം മലയാളകമ്മാളരെന്നും പാണ്ടി കമ്മാളരെന്നും ഉള്ള വ്യത്യാസം തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം പാടില്ലെന്നും റഗുലേഷനിൽ പാണ്ടികമ്മാളരേയും മലയാള കമ്മാളരേയും ഒരുപോലെ ഉൾപ്പെടുത്തണമെന്നും ഉള്ളതാണ് മി. വേലു ആചാരിയുടെ ഉദ്ദേശമെന്ന് പിന്നീടുള്ള അമൻഡുമെൻറുകൾകൊണ്ടു മനസ്സിലാക്കാവുന്നതാണ്.

MR. N. VELU ACHARY: തമിഴ്കമ്മാളരെന്നും മലയാള കമ്മാളർ എന്നും ഉള്ള വ്യത്യാസം ഈ രാജ്യത്തുവന്നതു് എപ്പോൾ മുതലാണെന്നറിയാമോ?

MR. N. RAMAKRISHNA PILLAI: എപ്പോൾ മുതൽക്കാണെന്നു എനിക്കറിഞ്ഞുകൂടാ. തിരുവിതാംകൂറിലെ സെൻസസ്സ് റിപ്പോർട്ടിൽ നിന്നും സ്റ്റേറ്റു മാന്വലിൽനിന്നും എന്റെ പരിചയംകൊണ്ടും ഇവിടെ മലയാള കമ്മാളർ എന്നും പാണ്ടി കമ്മാളർ എന്നും ഉള്ള രണ്ടു വർഗ്ഗക്കാർ ഉണ്ടെന്നു നിശ്ചയമായിട്ടുണ്ട്. അതിനെപ്പറ്റി യാതൊരു തർക്കവുമില്ല.

MR. N. VELU ACHARY: തിരുവിതാംകൂറിൽ ഫ ൈ ൈ മുതൽ സെൻസസ്സു എടുത്തിട്ടുണ്ട്. അതുമുതൽ കഴിഞ്ഞ സെൻസസ്സ്വരെ ഈ ജാതിക്കാരെ മലയാള കമ്മാളർ എന്നും തമിഴ് കമ്മാളർ എന്നും തിരിച്ചിട്ടുണ്ടോ?

MR. N. RAMAKRISHNA PILLAI: ആയിരത്തി എഴന്നൂററി എഴുപത്തഞ്ചിലെ കാര്യം എനിക്കറിഞ്ഞുകൂടാ. കഴിഞ്ഞ സെൻസസ്സ് റിപ്പോട്ടിൽ തമിഴ്കമ്മാളരെന്നും മലയാള കമ്മാളരെന്നും തിരിച്ചിട്ടുണ്ട്. സ്റ്റേറ്റു മാന്വലിലും പാണ്ടികമ്മാളരെന്നും മലയാളകമ്മാളരെന്നും രണ്ടുവർഗ്ഗക്കാരുണ്ടെന്നു പറയുന്നു.

ആകപ്പാടെ നാന്നൂററിപന്ത്രണ്ടു സാക്ഷികളെ വിസ്തരിച്ചതിൽ മൂന്നിൽനാല്പത്തേഴും പാണ്ടികമ്മാളരാണ്. അവർക്കു ഈ ബിൽ ആവശ്യമില്ലെന്നും അവരെ ഈ ബില്ലിൽ ഉൾപ്പെടുത്തരുതെന്നും പ്രത്യേകം പറഞ്ഞിട്ടുണ്ട്.

MR. N. VELU ACHARY: പാണ്ടിക്കമ്മാളരും മലയാളക്കമ്മാളരും കൂടി ചേർന്നു തിരുവനന്തപുരത്തു വച്ചു ഒരു വലിയ കാൺഫറൻസ് കൂടി അവരുടെ അഭിപ്രായം ഗവണ്മെൻറിലേക്കും ഈ അസ്സംബ്ലിയിലേക്കും അയച്ചിട്ടുള്ളതായി അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. N. RAMAKRISHNA PILLAI: എവിടെ എല്ലാം സഭകൾ കൂടിയിട്ടുണ്ടെന്നും എത്ര കെട്ട കടലാസുകൾ അയച്ചിട്ടുണ്ടെന്നും മറ്റുമുള്ള സംഗതികളെപ്പറ്റി ഞാൻ അന്വേഷിച്ചിട്ടില്ല. കമ്മിറ്റിക്കു അറിവിൽ കിട്ടിയ തെളിവുകളെ വച്ചുനോക്കി പാണ്ടി കമ്മാളർക്കു ഈ ബിൽ ആവശ്യമില്ലെന്നും മലയാള കമ്മാളക്കു ഇതു് ആവശ്യമുള്ള എന്നും ഉള്ള സംഗതി നല്ലപോലെ ബോദ്ധ്യം വന്നതിനു ശേഷമാണു് പാണ്ടിക്കമ്മാളരെ ഇതിൽനിന്നും ഒഴിവാക്കിയിട്ടുള്ളതു്. കമ്മിറ്റിയിൽനിന്നും തെളിവെടുത്തതിനുശേഷം ചെയ്ത നിശ്ചയമനുസരിച്ചാണു് പാണ്ടിക്കമ്മാളരെ ഒഴിവാക്കിയിട്ടുള്ളതു്. തമിഴ് കമ്മാളരെ ഒഴിവാക്കണമെന്നു് തീർച്ചയാക്കിയതിനുശേഷം നു കമ്മിറ്റി മീറ്റിംഗുകൾ ഉണ്ടായിട്ടുണ്ടു്. അതിൽ അനേകം മലയാള കമ്മാളർ മൊഴികൊടുത്തതും പാണ്ടി കമ്മാളരെ ഒരിക്കലും ഈ ബില്ലിൽ ഉൾപ്പെടുത്തരുതെന്നാണു്. അതുകൊണ്ടാണു് ഇതിൽ നാലാമത്തെ ക്ലാസ് ചേർത്തിട്ടുള്ളതു്. പാണ്ടിക്കമ്മാളരെ ഇതിൽ ഉൾപ്പെടുത്താൻ പാടില്ലെന്നു ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടതനുസരിച്ചാണു് ഈ ബിൽ രൂപീകരിച്ചിട്ടുള്ളതു്. ഈ ബില്ലിൽ മലയാള കമ്മാളരെ മാത്രമല്ലാതെ പാണ്ടിക്കമ്മാളരെ ഉൾപ്പെടുത്താൻ പാടില്ലെന്നു പാണ്ടിക്കമ്മാളരുടെ പ്രതിനിധിയായ മി. ജനാർദ്ദനൻ ആശാരി ഈ ഹൗസിൽതന്നെ പല പ്രാവശ്യവും പ്രസ്താവിച്ചിട്ടുണ്ടു്. കമ്മാള ബിൽ മലയാളക്കമ്മാളരെമാത്രം സംബന്ധിക്കുന്ന സ്ഥിതിക്കും പാണ്ടിക്കമ്മാളരെ ഇതിൽ ചേർക്കേണ്ട ആവശ്യമില്ല. മി. വേലുആശാരിയുടെ ഉദ്ദേശം പാണ്ടിക്കമ്മാളരെക്കൂടി ബില്ല് ബന്ധിക്കത്തക്ക വിധത്തിൽ അമൻറ്മെൻറുകൊണ്ടു രൂപഭേദപ്പെടുത്തണമെന്നുള്ളതാണെന്നു മറ്റു അമെൻറ്മെൻറുകൾകൊണ്ടു് കാണാൻ കഴിയും. പേരിനെപ്പറ്റി മാത്രമല്ലാ തർക്കമുള്ളതെന്നു മറ്റു അമെൻറുമെൻറുകൾകൊണ്ടു് നിശ്ചയമായും കാണാൻ കഴിയും. രണ്ടു കൂട്ടരേയും ബില്ലിൽ ഉൾപ്പെടുത്തണമെന്നുള്ളതാണു് മി. വേലു ആചാരിയുടെ ഉദ്ദേശം.

MR. P. S. MUHAMED: വിശ്വകർമ്മ എന്ന പേരു് ഉപയോഗിച്ചാൽ പാണ്ടിക്കമ്മാളരെ ഇതിൽ ഉൾപ്പെടുത്താമെന്നു വിചാരിക്കുന്നുണ്ടോ?

MR. N. RAMAKRISHNA PILLAI: മലയാള വിശ്വകർമ്മ എന്നു പറയേണ്ടിവരും.. മലയാളക്കമ്മാളർക്കു് വിശ്വകർമ്മ എന്ന പേരു് പ്രത്യേകമായി ഉപയോഗിക്കാൻ അവകാശമില്ലാ.

MR. E. SUBRAHMONIA AIYAR: നാലാമത്തെ ക്ലാസിൽ തമിഴ് വിശ്വകർമ്മ എന്നു ചേർത്താൽ മതിയോ?

LIBRARY ARCHIVES Kerala Legislative Assembly

MR. N. RAMAKRISHNA PILLAI: അതും പാടില്ലെന്നാണ മി. വേലു ആചാരിയുടെ അഭിപ്രായം. പേരിനെ മാററണമെന്നുള്ള പരിശുദ്ധ ഉദ്ദേശത്തോടുകൂടിയൊ, വാക്കിന്റെ അഭിമാനത്തെ കരുതിയൊ അല്ലാ കമ്മാളർ എന്ന വേണ്ടെന്ന പറയുന്നതു'.

MR. N. VELU ACHARY: ഇതിന്റെ ഉദ്ദേശത്തെപ്പററി ഒന്നുകൂടി വിശദീകരിക്കാം.

MR. N. RAMAKRISHNA PILLAI: ആ ഒരു സംഗതി ആലോചിക്കുമ്പോൾ മി. വേലുആചാരിയുടെ ഉദ്ദേശം അത്ര പരിശുദ്ധമായിരിക്കുന്നില്ലെന്നും സമുദായത്തിനു ഒരു നല്ല പേരുണ്ടാക്കണമെന്നുള്ള ഉദ്ദേശം മാത്രമല്ല മി. വേലു ആചാരിക്കുള്ളതെന്നും കാണാൻ കഴിയും. മി. വേലു ആചാരിയുടെ ബില്ലും മി. നീലകണ്ഠന്റെ ബില്ലും തമ്മിൽ താരതമ്യപ്പെടുത്തിനോക്കുമ്പോൾ കാണാം എന്തായിരുന്നു മി. വേലുആചാരിയുടെ ഉദ്ദേശമെന്ന്. പാണ്ടിക്കമ്മാളരേയും മലയാളക്കമ്മാളരേയും കൂടി ഉൾപ്പെടുത്തി ഒരു ബില്ലുകൊണ്ടുവരണമെന്നുള്ളതാണ് മി. വേലുആചാരിയുടെ ഉദ്ദേശം. അതുകൊണ്ടാണ് പാണ്ടിക്കമ്മാളർ ഒന്നാകെവന്ന് അവരെ ഈ ബില്ലിൽ ചേർക്കരുതെന്ന കമ്മിററിമുമ്പാകെ മൊഴിതരുവാൻ ഇടയായതു്. ഒരിക്കലും പാണ്ടിക്കമ്മാളരെ ഇതിൽ ഉൾപ്പെടുത്താൻ പാടില്ലെന്ന എല്ലാവരും തീർച്ചയാക്കിയതിനു ശേഷം പിന്നീടും ഇത്തരത്തിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതി ഒരിക്കലും സ്വീകരിക്കാൻ പാടില്ലെന്നാണ ഒന്നാമതായി എനിക്കു പറയാനുള്ളതു്.

MR. KOTTALIL P. ABRAHAM: മി. വേലുആചാരിക്കു ആ ഉദ്ദേശമില്ലെന്ന സമ്മതിച്ചാൽ വിഷമമുണ്ടോ?

MR. N. RAMAKRISHNA PILLAI: ഒന്നാമത്തെ വിഷമം അതാണ്. "മലയാള" എന്നപദം "കമ്മാള" രോടൊ അല്ലെങ്കിൽ "വിശ്വകമ്മ" രോടൊ ചേർക്കാൻ മി. വേലു ആചാരിക്കു സമ്മതമാണെങ്കിൽ മറുള്ള ഭേദഗതികളൊക്കെ പിൻവലിക്കുവാൻ കഴിയും.

MR. T. C. KESAVA PILLAI: മെമ്പർ മാത്രം വിചാരിച്ചാൽ ഇതു സാധിച്ചുകൊടുക്കുവാൻ കഴിയുമോ?

MR. N. RAMAKRISHNA PILLAI: ഭേദഗതികൾ പിൻവലിക്കാൻ ഹൗസിന്റെ സമ്മതംവേണ്ട. വിശ്വകമ്മ എന്നും കമ്മാള എന്നും രണ്ടു പദങ്ങൾ ബില്ലിൽ കാണുന്നുണ്ട്. അതിൽ ഏതു സ്വീകരിക്കണം, അല്ലെങ്കിൽ രണ്ടും സ്വീകരിക്കണമോ, എന്നുള്ളതു ഹൗസിന്റെ തീച്ചയന്ന സരിച്ചു ചെയ്യുന്നതിനും യാതൊരു വിരോധവുമില്ല. പക്ഷേ ഇതു മാത്രം മതിയോ എന്ന മി. വേലുആചാരി തീച്ചയാക്കേണ്ടതാണ്. പേരുമാത്രം മാററിയാൽ മതിയെങ്കിൽ മറുള്ള അമൻറുമെൻറുകൾ പിൻവലിക്കുന്ന പക്ഷം അതിനു നിവൃത്തിനോക്കാമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. KAVIYOOR K. K. KOCHU KUNJU : സർ, ഈ ഭേദഗതിയോട് അനുകൂലിച്ചുകൊണ്ട് ചില സംഗതികൾ പ്രസ്താവിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ രാജ്യത്തു അഞ്ഞൂറിൽപരം ജാതിനാമങ്ങൾ ഉള്ളതായി സെൻസസ്സ് റിപ്പോർട്ടുകൊണ്ടു കാണുന്നു. ഇത്രയധികം ജാതിപ്പേരുകൾ നമ്മുടെ രാജ്യത്തുണ്ടാകുവാനുള്ള പ്രധാനമായ കാരണങ്ങളെന്താണെന്നുള്ളതിനെപ്പറ്റി ഗാഢമായി ചിന്തിക്കേണ്ടതായിട്ടാണിരിക്കുന്നത്. സമുദായപ്രവർത്തകരെന്നു സ്വയം അഭിമാനിക്കുന്ന ഒരുക്കൂട്ടം ആളുകൾ, അനാദരണീയങ്ങളായ ഓരോ ജാതിനാമങ്ങൾ കൽപ്പിച്ചു സമുദായത്തിന്റെ പൊതുക്ഷേമത്തെ ലേശവും ആദരിക്കാതെ തൻകാര്യസാദ്ധ്യത്തേയും താൻ അംഗീകരിച്ചിരിക്കുന്ന മാർഗ്ഗത്തിനു പ്രാബല്യമുണ്ടാക്കി രക്ഷപ്പെടണമെന്നുള്ള ഏകോദ്ദേശത്തോടുകൂടി മാത്രം പ്രവർത്തനം നടത്തിവരികയും അയതു പ്രഖ്യാപനം ചെയ്കയും ചെയ്തുവരിക ഒരു പതിവായിത്തീർന്നിട്ടുണ്ട്. അതുകളെല്ലാം ജാതിനാമങ്ങളായി ഗവണ്മെൻറ് രേഖപ്പെടുത്തുകയും ചെയ്യുവാൻ ഇടയായിട്ടുണ്ട്. അതിന്റെ ഫലമായിട്ടാണു് ഇത്ര അധികം ജാതികൾ നമ്മുടെ രാജ്യത്തുണ്ടാകുവാൻ ഇടയായിട്ടുള്ളതെന്നു വിചാരിക്കുവാൻ ന്യായമുണ്ട്.

മഹാരാജാവു തിരുമനസ്സുകൊണ്ടു ക്ഷേത്രപ്രവേശന വിളംബരം മൂലം ഇവിടത്തെ ഹൈന്ദവജനതയെ അനുഗ്രഹിച്ചുകഴിഞ്ഞിരിക്കുന്ന നമ്മുടെ രാജ്യത്തു അനാദരണീയങ്ങളും അർത്ഥശൂന്യങ്ങളുമായ ജാതിനാമങ്ങൾ വച്ചുപുലർത്തുന്നതു നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം അഭിമാനക്ഷയമാണു്.

അതുകയാൽ തൊഴിലുകൊണ്ടും ജീവിതരീതികൊണ്ടും സംസ്കാരംകൊണ്ടും അന്യോന്യം സാമ്യമുള്ള സമുദായങ്ങളെ ഒരേ സമുദായമായി പരിഗണിച്ചു ഇവിടത്തെ ജാതിപ്പട്ടികയിൽ ഉള്ള ജാതിനാമങ്ങളിൽ കഴിവുള്ളതും ദോഷരഹിതം എന്നു തോന്നുന്നതുമായിട്ടുള്ളതും അയ ജാതിപ്പേരുകൾ കുറെയെല്ലാം വെട്ടിക്കുറച്ചു ശരിപ്പെടുത്തി നമ്മുടെ രാജ്യത്തിന്റെ അഭിമാനത്തെ സംരക്ഷിക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു. അതു് അത്ര വിഷമകരമാണെന്നു എനിക്കു തോന്നുന്നില്ല. സമുദായ വ്യക്തികളെ എല്ലാം ഒരുപോലെ തൃപ്തിപ്പെടുത്തി ഒരു കാര്യം സാധിക്കുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു സാധിച്ചു എന്നുവരുന്നതല്ല. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ഗവണ്മെൻറു സ്വാധികാരം ഉപയോഗിക്കണമെന്നാണു് എന്റെ അഭിപ്രായം. വിവാദ വിഷയമായിത്തീർന്നിരിക്കുന്ന ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറു സ്വാധികാരം

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിച്ചു ഒരു പുതുനാമം കൽപ്പിച്ചെങ്കിൽമാത്രമേ ആയതിനു സമാധാനമുണ്ടാകയുള്ളു. കമ്മാള, വിശ്വകമ്മ ഈ പേരുകൾ വിവാദ വിഷയമായി വന്നിരിക്കുന്ന സ്ഥിതിക്കു് ഗവണ്മെൻറു സ്വാധികാരം ഉപയോഗിച്ചു ദോഷരഹിതമെന്നു കാണുന്ന ഒരു നാമം സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊണ്ടു അനുകൂലിക്കുന്നു.

MR. K. N. JANARDHANAN ASARI: I want to speak a few words on the amendment.

PRESIDENT: I believe you have already spoken.

MR. K. N. JANARDHANAN ASARI: I spoke on the amendment. Now I want to speak on behalf of the Kammalas.

PRESIDENT: Honourable member having once spoken is not entitled to speak again on the same motion. But if he has omitted to say anything I will give him an opportunity after hearing Mr. Velu Achary.

MR. N. VELU ACHARY: സർ, പല മെമ്പറന്മാരും ഈ ഭേദഗതി സ്വീകരിച്ചുകാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു മി. രാമകൃഷ്ണപിള്ള അതിനെ എതിർക്കുകയാണു ചെയ്തതു്. അതിനു അദ്ദേഹം പറയുന്ന കാരണം യാതൊരുതരത്തിലും ന്യായീകരിക്കത്തക്കതല്ലെന്നു ഈ സഭയിലുള്ളവർക്കു മനസ്സിലാക്കാൻകഴിയും. മി. നീലകണ്ഠൻ വിശ്വകമ്മ എന്ന പേരു കണ്ടിട്ടും കേട്ടിട്ടുമില്ലെന്നു പറയുന്നു. എന്നാൽ അദ്ദേഹം പ്രസിഡൻറായി നടത്തിയ വിശ്വകമ്മസേവാസമിതി എവിടെ പോയി മറഞ്ഞോ എന്തോ? ഈ ക്ലാസിലും 'മലയാള' എന്ന പദം സ്വീകരിച്ചാൽ പിന്നീടുള്ള ഭേദഗതികൾ എല്ലാം പിൻവലിക്കണമെന്നു മി. രാമകൃഷ്ണപിള്ള പറയുന്നു. എനിക്കു എന്തോ ചില ഉദ്ദേശ്യംകൂടിയുണ്ടെന്നു അദ്ദേഹം പറയുന്നു. നമ്മുടെ പിൻഗാമികളുടെ അന്തസ്സിനും അഭിമാനത്തിനും അനുകൂലമായും മഹാരാജാവുതിരുമനസ്സിലെ ആദർശത്തിനു് ആദരണീയമായും ഈ ബില്ലിരിക്കണമെന്നുള്ള ഏക ഉദ്ദേശത്തോടുകൂടിമാത്രമാണു ഞാൻ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്. മഹാരാജാവു തിരുമനസ്സുകൊണ്ടു ഹിന്ദുസമുദായത്തെ ഒരു സംഘടനയിൽ നിറുത്തുന്നതിനായി ആഗ്രഹിക്കുന്നു. അപ്പോൾ ഒരു സമുദായത്തിൻറെ അഭിലാഷത്തിനു വിരോധമായി അവരെ ഭിന്നിപ്പിക്കുന്നപക്ഷം അതു ഹിന്ദുസംഘടനയ്ക്കു വിഘാതമായിരിക്കും.

MR. N. RAMAKRISHNA PILLAI: മലയാള വിശ്വകമ്മ എന്ന പദം എങ്കിലും ഉപയോഗിക്കാൻ പാടില്ലെന്നു മെമ്പർ പറയുന്നതു എന്തുകൊണ്ടാണു്?

LIBRARY ARCHIVES Kerala Legislative Assembly

MR. N. VLEU ACHARY : മദ്രാസ് പ്രസിഡൻസിയിൽ ഏ ഠ ലക്ഷം വിശ്വകർമ്മരുണ്ട്. അതിൽ മലബാറിൽ മലയാളം സംസാരിക്കുന്നവർ നാലഞ്ചുലക്ഷമുണ്ട്. ഇവരെ എല്ലാം വിശ്വകർമ്മ എന്ന നാമം കൊണ്ടാണ അവിടെ അറിയപ്പെടുന്നത്. അവിടെ മലയാളം, തെലുങ്കു, തമിഴ് എന്നിവ സംസാരിക്കുന്ന ഇവരെ ഒരു പേരിനാൽ മാത്രം അറിയപ്പെടുമ്പോൾ തിരുവിതാംകൂറിൽമാത്രം 'മലയാളവിശ്വകർമ്മ' എന്നപേരിൽ അറിയണമെന്നതിന്റെ ആവശ്യം എന്താണ്? മദ്രാസിൽ ഇവരെ എല്ലാപേരേയും അടുത്തകാലംവരെ വിശ്വകർമ്മ എന്ന പേരിൽ അറിഞ്ഞിരുന്നു. ഈയിടെ വിശ്വബ്രാഹ്മണ എന്ന നാമമാണ സ്വീകരിച്ചിരിക്കുന്നത്. അവിടെ മലയാളികളും തമിഴരും തെലുങ്കരുമുണ്ടായിരുന്നിട്ടും ഒരേ സമുദായക്കാരായിട്ടാണ് ഗണിച്ചിരിക്കുന്നതും.

MR. PUTHUPALLI S. KRISHNA PILLAI : ഇപ്പോൾ മദ്രാസിൽ അവർ ഏതുപേരിലാണ് അറിയപ്പെടുന്നത്.

MR. N. VELU ACHARY : 'വിശ്വബ്രാഹ്മണർ' എന്നു പറയുന്നു.

MR. PUTHUPALLI S. KRISHNA PILLAI : അവരെ വിശ്വകർമ്മർ എന്ന പേരിൽ വിളിച്ചാൽ എന്തു വ്യത്യാസമാണുണ്ടാകുന്നത്.

MR. N. VELU ACHARY : മദ്രാസിലുള്ളതുപോലെ വിശ്വബ്രാഹ്മണർ എന്ന പേര് ഇടുന്നതിൽ എനിക്കു വലിയ ആക്ഷേപമൊന്നുമില്ല, പക്ഷെ ഇവിടെ ബ്രാഹ്മണസമുദായം എന്ന ഒന്നേ മേറെ ഉള്ളതുകൊണ്ടു ഇവരേയും ബ്രാഹ്മണസമുദായമാക്കുന്നതിൽ അൽപം അനൗചിത്യമില്ലെ എന്നു വിചാരിക്കുന്നു.

MR. E. SUBRAMONIA AIYAR : വിശ്വബ്രാഹ്മണർ എന്ന പേരിടുന്നതുകൊണ്ടു പബ്ലിക്കു സർവീസിൽ വല്ല കുഴപ്പവും ഉണ്ടാകുമെന്നു വിചാരിക്കുന്നുണ്ടൊ?

MR. N. VELU ACHARY : അങ്ങനെ വരുമെന്നു വിചാരിക്കുന്നില്ല. ബ്രാഹ്മണസമുദായവും വിശ്വബ്രാഹ്മണ സമുദായവും രണ്ടും രണ്ടായതുകൊണ്ടു ആ കുഴപ്പം ഉണ്ടാകയില്ല. മൈസൂരിൽ ഇവരെ വിശ്വകർമ്മഎന്നാണ് വിളിക്കുന്നത്. നമ്മുടെ അടുത്ത രാജ്യത്തും ഇവരെ വിശ്വകർമ്മ എന്ന പേരിൽ അറിയുന്നു. മദ്രാസ് ഗവണ്മെന്റു അടുത്തകാലത്താണു പേരു മാറ്റിയതു. മലയാളി എന്നു പറയുന്നതുകൊണ്ടു ഒരഭിമാനക്കുറവും തോന്നുകയിട്ടൊ ഉണ്ടായിട്ടൊ അല്ലാ, അതു ആവശ്യമില്ലെന്നു ഞാൻ പറയുന്നതു. തിരുവിതാംകൂറിലുള്ള എല്ലാ ജാതിമതസ്ഥന്മാരേയും ഒരുപോലെ ചെങ്കോട്ടയ്ക്കപ്പുറത്തുചെന്നാൽ മലയാളികൾ എ

LIBRARY ARCHIVES Kerala Legislative Assembly

ന്നാണ് വിളിക്കുന്നത്. അങ്ങനെയുള്ള ഒരു വിവക്ഷയോടുകൂടിയല്ല ഈ ഭേദഗതി ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ നാട്ടിലെ വിശ്വകർമ്മസമുദായക്കാർ വളരെ നാളായി, ഈ പേർ ഗവണ്മെൻറ് അംഗീകരിക്കണമെന്ന അപേക്ഷിച്ചുതുടങ്ങിയിട്ട്. ഈ പ്രശ്നം ഗവണ്മെൻറുമുൻപാകെ കൊണ്ടുവരാൻതുടങ്ങിയതു ഈബിൽ ആലോചനയ്ക്കു വരുവാൻ തുടങ്ങിയതിനു എത്രയോ നാൾ മുൻപെ ആണ്. ഇതിനേസംബന്ധിച്ചു ഭൂരിപക്ഷം പ്രമേയങ്ങൾ ഗവണ്മെൻറിലേക്കു അയച്ചിട്ടുണ്ട്. ഇവർ നടത്തുന്ന സ്ഥാപനങ്ങൾ, യോഗങ്ങൾ, കൊവാപ്പറേറ്റിവ് സൊസൈറ്റികൾ, വായനശാലകൾ, വ്യവസായശാലകൾ ഇവ എല്ലാം വിശ്വകർമ്മ എന്ന പേരിനാൽ അറിയപ്പെടുന്നു. അതുകൊണ്ടു ഈ ഭേദഗതി സഭ സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഇതിനെപ്പറ്റി പ്രതികൂലമായി സംസാരിച്ചിട്ടുള്ളവർ പറഞ്ഞിട്ടുള്ള സംഗതികൾ കാര്യമായി ഗണിക്കേണ്ടതില്ലെന്നും മെംബറന്മാർ മനസ്സിലാക്കുമല്ലൊ.

MR. N. RAMAKRISHNA PILLAI : I rise to a point of order. The member is making an attack on the two members who do not agree with him on the amendment.

PRESIDENT : I do not think the member has made any such attack.

MR. K. N. JANARDANAN ASARI : My first arguments were with regard to amendment No. 2. I shall now speak on amendment No. 1.

MR. PUTHUPALLI S. KRISHNA PILLAI : We are at amendment No. 2.

PRESIDENT : Does the Legal Remembrancer want to say anything?

MR. PUTHUPALLY S. KRISHNA PILLAI : I wish to offer a few remarks.

PRESIDENT : I have been consulting these dictionaries and I find that the word 'Karmakara', meaning blacksmith is defined as one of the progeny of Viswakarma. So the word is 'Karmakara' and the word 'Viswakarma' is nowhere stated as the name of a caste. The defnition of Viswakarma is the son of Brahma, the artist of the Gods.

MR. PUTHUPALLI S. KRISHNA PILLAI : From the amendment proposed by the learned member to Clause (1) it could be seen that the word 'Kammala' is not objected to in any manner, because in Clause (1), sub-clause (3) the member wants "For the words 'Malayla Kammalas' in the first line, substitute the words "Viswakarmas or *Kammalas*" So according to him there is no difference between the expression Viswakarma and Kammala. Both are inter-changeable and both carry the same meaning. The same idea is expressed by the Select Committe in drafting the Bill because in the Bill we find that always the word Kammala is followed by the word Viswakarma in brackets. Apparently what Mr. Asary now wants is that the word

LIBRARY ARCHIVES Kerala Legislative Assembly

[Mr. Puthupalli S. Krishna Pillai]

Viswakarma should appear first followed by Kammala without brackets. Now what is the difference so far as this House is concerned? I am not in a position to understand, Sir, the significance attached to this motion. Mr. Nilakantan would say- "Call me a Kammala (Viswakarma). Mr. Velu Achari says "Refer to me as Viswakarma or Kammala." If he can be referred to as "Viswakarma or Kammala", what is the difference between him and Mr. Nilakantan who says that he may be referred to as "Kammala (Viswakarma)"? If a person is referred to by the name 'Kammala', he is understood to be a Kammala.

MR. VELU ACHARY : അതു ഡെഫനിഷൻ ക്ലാസിൽ ആണെന്നും തിരുവിതാംകൂർ സെൻസസ്സ് റിപ്പോർട്ടിലും മറും കമ്മാള ആചാരി എന്നും മറും രേഖപ്പെടുത്തിയിട്ടുള്ളതുകൊണ്ടാണു ആ പേരുക്കുടി ഇടാൻ കാരണമെന്നും മെംബർ മനസ്സിലാക്കണമെന്നപേക്ഷിക്കുന്നു.

MR. PUTHUPALLI S. KRISHNA PILLAI : Yes, I think like that, Sir. That is exactly what I say. Mr. Velu Achari wants that we should all call him Visvakarma Kammala and Mr. Nilakantan says "No, call me Kammala Viswakarma." Mr. Nilakantan with the brackets and Mr. Velu Achari with the word "or". So, the real difference between the two members appears to me to lie in the use of the brackets, the word "or" and also in the order of priority for the words Viswakarma and Kammala,

MR. P. S. MUHAMED : കമ്മാളർ എന്ന പേരിനു പകരം വിശ്വകർമ്മ എന്ന പേരാക്കണമെന്നുള്ള ആഗ്രഹം ആ സമുദായത്തിനുണ്ടെന്നുള്ള വിവരം മെംബർക്കു മനസ്സിലായിട്ടുണ്ടോ?

MR. PUTHUPALLI S. KRISHNA PILLAI: Opinion has been very well expressed, Sir, on that matter. There were persons who expressed themselves emphatically that they should not be called Viswakarmas because it is the name of a god and the community should not be known by that name as they were afraid that the community might even get the curse of that god. They might be the old orthodox or illiterate set. There is another set coming forward and saying—"we are Kammalas and call us Kammalas. Where is the objection to calling us Kammalas ?" Some people say—"We are really Kammalas. Every record shows that we are Kammalas and we are being known by that familiar name, Kammalas."

MR. N. VELU ACHARY : ഇപ്പോഴത്തെ സെൻസസ്സ് റിപ്പോർട്ടിൽ വിശ്വകർമ്മ എന്ന പേരിലാണു ഈ സമുദായത്തെ ഉൾപ്പെടുത്തിയിരിക്കുന്നതെന്നു മെമ്പർക്കു അറിയാമോ?

MR. PUTHUPALLI S. KRISHNA PILLAI : 'ഇപ്പോഴത്തെ' എന്നു പറഞ്ഞതു ഇപ്പോൾ ഉണ്ടാകുവാൻ പോകുന്ന സെൻസസ്സ് റിപ്പോർട്ടിനെപ്പറ്റിയാണൊ?

LIBRARY ARCHIVES Kerala Legislative Assembly

MR. N. VELU ACHARY: കഴിഞ്ഞതവണയുള്ള സെൻസസ്സ് റിപ്പോർട്ടിനെക്കുറിച്ചാണ ഞാൻ പറഞ്ഞത്.

MR. PUTHUPALLI S. KRISHNA PILLAI : I am coming to the word "Viswakarmas" Some people said—"We are Kammalas and known as Kammala by our people here. We are not familiarly known by the name Viswakarma." They do not want to be called in a statute by the name Viswakarmas, a name by which they are not ordinarily identified. A fourth set are for this change of name. They say—"If possible, we would like to be called by the name of Viswakarmas because there is some odium attached to the word "Kammala" and "Viswakarma" seems to be more dignified and indicates that we are descendants of a god."

MR. N. VELU ACHARY : തിരുവിതാംകൂറിൽ ൭൦ ലക്ഷം ജനങ്ങളേയുള്ളൂ. ദക്ഷിണ ഇൻഡ്യയിൽ എത്രയോ കോടി ജനങ്ങളുണ്ട്. അപ്പോൾ ദക്ഷിണ ഇൻഡ്യയിൽ ഏതു പേരിനാൽ ഈ സമുദായത്തെ അറിയപ്പെടുന്നുവൊ, ആ പേരിനാൽതന്നെ ഇവിടേയും അറിയപ്പെടുന്നതല്ലെ നല്ലത്?

MR. PUTHUPALLI S. KRISHNA PILLAI: I was asked that question. I am making a statement as to the facts which I know.

MR. N. VELU ACHARY: സർ, എനിക്കു ഇംഗ്ലീഷ് നല്ല വശമില്ല. ബഹുമാനപ്പെട്ടമെമ്പർ മലയാളത്തിൽ സംസാരിക്കുന്നതായാൽ കാര്യങ്ങൾ എനിക്കുകൂടി മനസ്സിലാക്കാൻകഴിയും.

PRESIDENT: It is open to the honourable member to speak in any language.

MR. PUTHUPALLY S. KRISHNA PILLAI: Yes, Sir. I want to know whether I should re-state all that I have stated already.

PRESIDENT: The Chair will not allow it.

MR. PUTHUPALLI S. KRISHNA PILLAI: നാലാമത്തെ സെറ്റുകാരുടെ അഭിപ്രായം "ഞങ്ങളെ നിവൃത്തിയുണ്ടെങ്കിൽ വിശ്വബ്രാഹ്മണർ എന്നോ, അതല്ലെങ്കിൽ, വിശ്വകർമ്മജർ എന്നോ വിളിക്കണം: ആ പേർ ഉണ്ടായാൽ അതിനു ഒരു അന്തസ്സുണ്ട്" എന്നിങ്ങനെയാണ്. അഞ്ചാമത്തെ സെറ്റു വിചാരിക്കുന്നത് അവർ സാക്ഷാൽ ബ്രാഹ്മണരാണെന്നാകുന്നു. സാക്ഷാൽ ബ്രാഹ്മണരുടെ വേഷത്തിൽ കളിച്ചു പൂണൂൽ ഇട്ടു ആ ഭാവനയിൽ തങ്ങൾ ബ്രാഹ്മണരാണെന്നും അതിനെ ആരും ആക്ഷേപിക്കാൻ അവകാശമില്ലെന്നും അവർവാദിക്കുന്നു.

അതുകൊണ്ടു മറ്റൊരുവിധത്തിൽ പ്രതിഷേധം കൽപ്പിക്കുന്ന ഒരു പേരിനാൽ അവർ അറിയപ്പെടുന്നതിനു ആഗ്രഹിക്കുന്നില്ല.

MR. N. VELU ACHARY. മെമ്പർ ഇങ്ങനെ പറഞ്ഞതുകൊണ്ടു കളിച്ചു ജപിക്കുന്നവർ മാത്രമേ ബ്രാഹ്മണരാകയുള്ളു എന്നർത്ഥമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

MR. PUTHUPALLI S. KRISHNA PILLAI: എന്നില്ല. പക്ഷെ, കളിയും ജപവും മാത്രമല്ല, കളിച്ചു ടേസ്മം ധരിച്ചു ബ്രാഹ്മണരെപ്പോലെതന്നെ പൂണൂലിട്ട വസ്ത്രധാരണങ്ങളിൽ ചില പരിഷ്കാരങ്ങളും വരുത്തി കുട്ടമയും വച്ചു അങ്ങനെ വേഷത്തിലും ആചാരത്തിലും തനിബ്രാഹ്മണരായിഅവർ നടക്കുന്നുണ്ട്.

MR. N. VELU ACHARY: ബഹുമാനപ്പെട്ട മെംബർ ഇവരെ കണ്ടിട്ടതെന്നാണോ വിചാരിച്ചത്?

MR. PUTHUPALLI S. KRISHNA PILLAI: അവർ ഈ ബില്ലിനെ മൊഴികൊടുക്കാൻ വന്നതുകൊണ്ടു കമ്മാളർ എന്നുതന്നെയാണ് ഞാൻവിചാരിച്ചത്.

MR. N. VELU ACHARY: അപ്പോൾ തമിഴരെന്നും കമ്മാളരെന്നും പറഞ്ഞിരിക്കുന്നവരിൽ എല്ലാവരിലും ഒരുപോലെ ഈ പലഅഭിപ്രായക്കാർ കാണുകയില്ലെ?

MR. PUTHUPALLI S. KRISHNA PILLAI: ഞാൻ പറഞ്ഞുകൊണ്ടിരുന്നതു ഈ ബില്ലിന്റെ ഉപയോഗത്തിനായി സ്വീകരിക്കപ്പെട്ടിട്ടുള്ള പല ഗവണ്മെൻറിനെ സമുദായവിഭാഗങ്ങളിൽ നിന്നും കിട്ടിയിട്ടുള്ള പ്രമേയങ്ങളും, പത്രറിപ്പോർട്ടുകളും, സിലക്ട് കമ്മിറ്റിക്കാരിൽനിന്നും ഗവണ്മെൻറിനു കിട്ടിയിട്ടുള്ള റിപ്പോർട്ടിൽ കൊടുത്തിട്ടുള്ള തെളിവുകളുടെ സംക്ഷിപ്തം ഇവയെല്ലാംകൂടി ഒരുമിച്ചു നോക്കുമ്പോൾ കമ്മാളരിൽ നിന്നും വിഭിന്നമായ ഒരു താൽപര്യം അംഗീകാര്യമായിരിക്കുന്നില്ലെന്നാണു.

ഈ പദങ്ങളുടെ ഉപയോഗത്തെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറു മനസ്സിലാക്കിയിട്ടുള്ളതു സമുദായത്തിൽ ഈ പദങ്ങൾ ചേർക്കുന്നതിൽ താൽപര്യഭിന്നത ഉണ്ടെന്നും അതിനെപ്പറ്റി പല അഭിപ്രായമാണുള്ളതെന്നുമാകുന്നു. അതുകൊണ്ടു സഭ ഏതുവിധത്തിൽ തീരുമാനിക്കുന്നുവൊ അതു അംഗീകരിക്കുവാൻ ഗവണ്മെൻറിനു വിരോധമില്ല. എന്നാൽ സിലക്ടു കമ്മിറ്റി കൊടുത്തിട്ടുള്ള പേരു് ഈ സഭ എടുത്തുകളയുന്നെങ്കിൽ അതിനു ഒരു കാരണംവേണം. എന്തുകൊണ്ടു ആ പേരു് എടുത്തുകളയേണ്ടിയിരിക്കുന്നു എന്നുള്ളതു സഭയ്ക്കു ബോദ്ധ്യപ്പെടുകയും വേണം. അങ്ങനെ ചെയ്തില്ലെങ്കിൽ അതിനെ എതിർക്കാൻ സിലക്ടു കമ്മിറ്റിയിലെ ഒരു മെംബറായ എനിക്കും മുമതലയുണ്ടു്. മി. വേലുആചാരി പറയുന്നു, 'വിശ്വകർമ്മ' എന്നുവിളിക്കണമെന്നു്. മി. നീലകണ്ഠൻ കമ്മാളർ മതിയെന്നു പറയുന്നു. മൊഴികൊടുത്തി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ള സാക്ഷിത്തെളിവുകളും മറ്റു തെളിവുകളും 'കമ്മാളർ' എന്ന പദത്തെയാണു സാമാന്യമായി സ്വീകരിച്ചിരിക്കുന്നതു്. ഇതു ഒരു അനുഭോഗസ്ഥബില്ലായിട്ടു മാത്രം ഗണിച്ചാൽപോരാ. ബില്ലിൽ ഒരു വശത്തു് 'വിശ്വകർമ്മ ആക്ടറ്' എന്നു പറയുന്നു. മറ്റൊരുവശത്തുകൂടിനോക്കുമ്പോഠം 'കമ്മാളബിൽ' എന്നു പറയണം. പേരിൽ 'വിശ്വകമ്മ' എന്നാക്കണമെന്നും, കാര്യത്തിൽ വരുമ്പോൾ 'വിശ്വകമ്മ' അല്ലെങ്കിൽ 'കമ്മാള', അഥവാ 'കമ്മാള' അല്ലെങ്കിൽ 'വിശ്വകമ്മ', എന്നു മനസ്സിലാക്കണമെന്നും പറഞ്ഞാൽ അതിനു് എന്തർത്ഥമാണെന്നു എനിക്കു മനസ്സിലാകുന്നില്ല. എല്ലാ സാമുദായിക ബില്ലുകളിലും ബില്ലിനു പേരു കൊടുക്കാറുണ്ടു്.

PRESIDENT: Order, order. Is it the intention of the House to finish with this clause today or not?

MR. PUTHUPALLI S. KRISHNA PILLAI: Sir, this is the most important clause and if this amendment is decided, the passage of the Bill will not take much time as the other amendments are based upon this.

MR. T. C. KESAVA PILLAI: ഈ രണ്ടു ഭേദഗതികളിൽ ഏതാണു സ്വീകരിക്കേണ്ടതെന്നു തുണ്ടിട്ടുനോക്കി എടുക്കുന്നതിൽ വിരോധമുണ്ടോ?

MR. PUTHUPALLI S. KRISHNA PILLAI: ബില്ലിനു എതുപേരു കൊടുക്കണമെന്നുള്ളതാണു ഇപ്പോഴത്തെ ആലോചനാവിഷയം. ഗവണ്മെൻറു മെംബർ എന്നനിലയിലും സിലക്ടറു കമ്മിറ്റി മെംബർ എന്ന നിലയിലും അതിനേസംബന്ധിച്ചു എനിക്കു ഒരു അഭിപ്രായം പറയാൻകഴിയും. 'കമ്മാള' എന്നപേരു് കൊണ്ടാണു് ഈ സമുദായം അറിയപ്പെടുന്നതു, അതുകൊണ്ടു ആ പേരുകൊടുക്കണം. "പക്ഷെ, ഇക്കാലത്തുണ്ടായിട്ടുള്ള പരിഷ്ക്കാരം നിമിത്തവും സമുദായത്തിൻറെ അഭിപ്രായഗതികൊണ്ടും 'വിശ്വകമ്മ' എന്ന പേരിടാൻ അവർ ആഗ്രഹിക്കുന്നു. അതുകൊണ്ടു ആ പേരു പറഞ്ഞാലും ഈ ആളുകളാണെന്നു ധരിച്ചുകൊള്ളണം." എന്നാണു പറയുന്നതെങ്കിൽ അതെനിക്കു മനസ്സിലാക്കാൻകഴിയും. എന്നാൽ ഇപ്പോഠം അതല്ലാ തക്കം. പേരിനു മാറ്റം വേണം. വാസ്തവത്തിൽ 'കമ്മാള' എന്ന പദംകൊണ്ടാണു മുൻപു അറിയുന്നതെങ്കിൽ, ആ പേരുകൊണ്ടാണു ഇപ്പോഴും അറിയുന്നതെങ്കിൽ 'കമ്മാള' എന്ന പദം ഇപ്പോഴത്തെ സമുദായത്തിനു യോജിച്ചതാണെന്നുണ്ടെങ്കിൽ, ഈ ബില്ലിനെ 'കമ്മാളബിൽ' എന്നപേരിൽ വിളിച്ചാലെന്താണു് തരക്കേട്ടു? ഡെഫനിഷൻ ഒന്നുംവേണ്ട, ആരാണു് ആളു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Puthupalli S. Krishna Pillai]

കം എന്നറിയാം. ഇവരുടെ പേരു ഗവണ്മെൻറു റിക്കാർഡുകളിലും ആയക്കെട്ടിലും കിടപ്പുണ്ടു.

MR. P. S. MUHAMED : ആയക്കെട്ടിലും മറ്റും മുൻപിനാലെ പതിഞ്ഞുകിടപ്പുള്ള പേരു് ഇന്നത്തെ സമുദായത്തിനു സുഖപ്രദമായിരിക്കുന്നില്ലെന്നു മെംബർക്കു് അറിയാമോ?

MR. PUTHUPALLI S. KRISHNA PILLAI : ഞാൻ അതിനെപ്പറ്റി പറഞ്ഞുകഴിഞ്ഞു.

MR. E. SUBRAMONIA AIYAR : ആയക്കെട്ടിൽ ഒരു പേരുവന്നാൽ കുലാന്തരംകൊണ്ടു അതു മാറുന്നതിനു വിഷമമുണ്ടോ?

MR. PUTHUPALLI S KRISHNA PILLAI : ഇല്ല.

മുൻപു കമ്മാളർ എന്നു പറയുന്നതുകൊണ്ടു ആളുകൾക്കു് അറിയാൻപാടില്ലാതെവരുമെന്നോ അല്ലെങ്കിൽ, ആക്ഷേപം പുറപ്പെടുവിച്ചേക്കുമെന്നോ കരുതിയായിരിക്കണം ആ പദംക്രോടി ബില്ലിൽ ചേർക്കാൻ തീരുമാനിച്ചതു്.

MR. N. VELU ACHARY: In the Census Report of 1911 this is what is stated -

"memorials were received on behalf of the Kammala caste, that they should be shown in the Census schedules as Viswa-Brahmins and not by the ordinary caste appellations indicative of their usual occupations."

എന്നുപറയുന്നുണ്ടു്. ഇങ്ങനെയുള്ള റിക്കാർഡുകൾ പരിശോധിക്കാതെ "റിക്കാർഡുകൾ ഇല്ലായിരുന്നു" എന്നുപറയുന്നതു ശരിയാണോ?

MR. PUTHUPALLI S. KRISHNA PILLAI : അല്ല. അതിനെ തെറ്റിദ്ധരിച്ച മെംബർ പറയുകയാണു്. ആ റിക്കാർഡിൽനിന്നതന്നെ കാണുന്നതു അവർ കമ്മാളർ ആണെന്നും മറ്റേ പേരു് സ്വീകരിക്കണമെന്നുള്ളതിൽ സമുദായം ആഗ്രഹിച്ചിരുന്നു എന്നും ആണെല്ലോ.

PRESIDENT : Would the honourable member take very long ? If so, I will adjourn the House.

MR. PUTHUPALLI S. KRISHNA PILLAI : I will take some more time, and this will not be finished today, Sir.

PRESIDENT : The House will now adjourn *sine die*.

The House adjourned at 5-3 P. M.

A. GUNAMONY,

Secretary to the Sri Mulam Assembly.

LIBRARY ARCHIVES Kerala Legislative Assembly